**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2411** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായണ്‍,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം എന്ന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം അറിയിക്കാമോ; ഇതിനായി കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് എന്ന കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ ജനങ്ങൾ ദൈനംദിന ജീവിതത്തിൽ നേരിടുന്ന വികസന പ്രശ്നങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തന്നെ കണ്ടെത്തുകയും അവയെ തരംതിരിച്ച് കെ-ഡിസ്ക് രൂപം നൽകിയിട്ടുള്ള വിദഗ്ധരുടെ കൂട്ടായ്മ വഴിയും അതിനുപരിയായി ഹാക്കത്തോൺ സംവിധാനത്തിലൂടെയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി, അവയുടെ പ്രായോഗികതയും ഉപയോഗക്ഷമതയും ഉറപ്പുവരുത്തി, സ്കെയിൽ അപ്പ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ലക്ഷ്യമിടുന്ന പദ്ധതിയാണ് 'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം'. വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പുത്തനാശയങ്ങൾ പ്രായോഗികമായി രൂപപ്പെടുത്തുന്നതിനായി വിവിധ വിഷയ മേഖലകളിൽ ഗവേഷണ - പഠന പ്രവർത്തനങ്ങൾ നടത്തുകയും, തങ്ങളുടെ അറിവ് നാടിന് ഗുണപരമായ മാറ്റത്തിനുവേണ്ടി സന്നദ്ധതയുടെ അടിസ്ഥാനത്തിൽ പങ്കുവെക്കുവാൻ താല്പര്യമുള്ള ആളുകളുടെ ഒരു കൂട്ടായ്മയെ ആണ് കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (Community of Practice) എന്നു വിളിക്കുന്നത്. OLOI പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹായം ആവശ്യപ്പെടാൻ സാധ്യതയുള്ള ഇരുപത്തിയേഴ് വിഷയമേഖലകളിലായി 1500 ൽ പരം വിദഗ്ധരെ ഉൾപ്പെടുത്തി CoP രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽനിന്ന് വരുന്ന പ്രശ്നങ്ങളിലും ആശയങ്ങളിലും വ്യക്തത വരുത്താനും അവയെ പദ്ധതികളാക്കി മാറ്റാനും സന്നദ്ധതയോടെ പ്രവർത്തിക്കുന്ന ഈ കൂട്ടായ്മയാണ് സഹായിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ആശയ സമാഹരണം, രൂപീകരണം എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ജനങ്ങൾ നേരിടുന്ന യഥാർത്ഥ ജീവിത പ്രശ്നങ്ങൾക്ക് നൂതനാശയ രൂപീകരണ പ്രക്രിയയിലൂടെ പരിഹാരം ആവശ്യമെങ്കിൽ അവ സമർപ്പിക്കാൻ ആവശ്യപ്പെട്ടത് പ്രകാരം 215 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വികസന പ്രശ്നങ്ങൾ 'സുലേഖ' ഓൺലൈൻ പോർട്ടലിൽ കെ-ഡിസ്ക് ഒരുക്കിയ രജിസ്ട്രേഷൻ ലിങ്ക് വഴി സമർപ്പിച്ചിട്ടുണ്ട്. തുടർന്ന്, പ്രശ്നപരിഹാര ശ്രമങ്ങളുടെ ഭാഗമായി പ്രശ്നത്തിന്റെ വ്യാപ്തി, ദൈർഘ്യം, ആഘാതം തുടങ്ങിയ പരാമീറ്ററുകൾ അടിസ്ഥാനമാക്കി പൈലറ്റ് ഘട്ടത്തിലേക്ക് 60 തദ്ദേശ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന്, അവയുടെ സാമൂഹിക-സാമ്പത്തിക-സാങ്കേതിക, ഭരണപരമായ വശങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരശേഖരണം നടത്തി, അതത് വിഷയ മേഖലയിലെ അക്കാദമിക/ ഗവേഷണ സ്ഥാപനങ്ങളായ ഐ.ഐ.ടി. ബോംബെ, കുഫോസ്, കേരള സർവകലാശാല, കാലിക്കറ്റ് സർവകലാശാല എന്നീ 8 ഓളം അക്കാദമിക് സ്ഥാപനങ്ങൾ OLOI പ്രൊജക്ട് ലൈഫ് സൈക്കിളിന്റെ വിവിധ തലങ്ങളിൽ പങ്കാളികളായി നൂതനാശയ രൂപീകരണ പ്രക്രിയ നടന്നുവരികയാണ്. ഇതോടൊപ്പം സർക്കാരിന്റെ 'മാലിന്യമുക്ത നവകേരളം' പരിപാടിയുടെ ഭാഗമായി കെ-ഡിസ്ക്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വമിഷൻ, കേരളാ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്, ക്ലീൻ കേരളാ കമ്പനി, കില, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മാലിന്യ സംസ്കരണ മേഖലയിൽ നിലവിലെ പ്രശ്നങ്ങൾക്ക് നൂതന സ്റ്റാർട്ടപ്പ് സൊല്യൂഷനുകളുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ബന്ധിപ്പിക്കുന്നതിനും തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത ഹാക്കത്തോൺ സംരംഭത്തിൽ സ്റ്റാർട്ടപ്പുകൾക്കും ആശയ ദാതാക്കൾക്കും പങ്കാളിയാകുന്നതിനുള്ള ഓൺലൈൻ സംവിധാനം വഴി 187 സംരംഭകർ ആശയങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കാമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുമായി വിവിധ തലങ്ങളിൽ ചർച്ച ചെയ്താണ് കിലയും കെ-ഡിസ്കും ചേർന്ന് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. തുടർന്ന്, തദ്ദേശ സ്വയംഭരണ സ്ഥാപന അസോസിയേഷൻ പ്രതിനിധികളുമായി മന്ത്രിതല ചർച്ച നടത്തിയാണ് OLOI പദ്ധതിയുടെ രൂപരേഖ അന്തിമമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ അതത് |

| | | | |
|---|---|---|---|
| | | | മേഖലകളിലെ വിദഗ്ധരുമായി ബന്ധിപ്പിച്ച ശില്പശാലകളിലൂടെ പ്രശ്നത്തിന്റെ സൂക്ഷ്മ വിശകലന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രശ്നത്തിന്റെ തിക്തത അനുഭവിക്കുന്ന ജനങ്ങളെ ഉൾപ്പെടുത്തി ഗ്രൂപ്പ് ചർച്ചകൾ (ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻസ്) നടത്തുകയും പ്രശ്നബാധിത കുടുംബങ്ങളിൽ നിന്നും വിവരശേഖരണം നടത്തിയുമാണ് വിശദമായ പ്രോബ്ലം സ്റ്റേറ്റ്മെന്റുകൾ തയ്യാറായാക്കിയത്. അത്തരത്തിൽ തയ്യാറാക്കിയ പ്രിലിമിനറി പ്രൊജക്ട് റിപ്പോർട്ടുകൾ പ്രശ്നബാധിതരായ ജനങ്ങളെ ഉൾപ്പെടുത്തി ചർച്ചചെയ്ത് വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കും. തുടർന്ന് നടക്കുന്ന നൂതനാശയ രൂപീകരണത്തിൽ ഒന്നിലധികം പരിഹാരമാർഗങ്ങൾ കണ്ടെത്തി അതത് തദ്ദേശ സ്വയംഭരണ ജനപങ്കാളിത്തത്തോടെ അവയുടെ പ്രായോഗികതയും ഉപയോഗക്ഷമതയും സ്വീകാര്യതയും ഉറപ്പുവരുത്തി നൂതന ആശയങ്ങൾ അന്തിമമാക്കുന്ന ഒരു രീതിശാസ്ത്രമാണ് കെ-ഡിസ്ക് അനുവർത്തിച്ചുവരുന്നത്. തുടർന്ന് നടക്കുന്ന പദ്ധതി നിർവ്വഹണത്തിലും ജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. |
| (ഡി) | പദ്ധതിയുടെ നിർവ്വഹണ രീതികളും മൂലധന സമാഹരണ മാർഗങ്ങളും വ്യക്തമാക്കാമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ, അവർ ഓൺലൈൻ ആയി കെ-ഡിസ്കിന് സമർപ്പിച്ച പ്രശ്നങ്ങളുടെ വിഷയാടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളാക്കി, അതതു മേഖലകളിലുള്ള വിദഗ്ധരുൾപ്പെടുന്ന കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (CoP), ദേശീയ-അന്തർദേശീയ അക്കാദമിക-ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധിപ്പിച്ച്, പ്രശ്നങ്ങൾ വിശദമായ വിശകലനം ചെയ്തു, പരിഹാരമാർഗങ്ങൾ കണ്ടെത്തി, അവയുടെ പ്രായോഗികതയും സ്വീകാര്യതയും ഉപയോഗക്ഷമതയും ഉറപ്പുവരുത്തി വിദഗ്ധരുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്. ഇതിലൂടെ തദ്ദേശഭരണ സ്ഥാപനതലത്തിൽ ജനങ്ങൾ അഭിമുഖീകരിക്കുന്ന യഥാർത്ഥ ജീവിത പ്രശ്നങ്ങൾക്ക്, പുത്തനാശയ രൂപീകരണത്തിലൂടെ പരിഹാരം കാണാൻ സാധിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച്, അവയ്ക്ക് നൂതനാശയ പദ്ധതികൾ വിലയിരുത്തുന്നതിനുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ അംഗീകാരം ലഭ്യമാക്കി, പദ്ധതി നിർവഹണത്തിനുള്ള ഫണ്ട് സ്വരൂപിക്കുന്നതിന് പുറമെ വിവിധ സ്ഥാപനങ്ങളുടെ |

| | | | |
|---|---|---|---|
| | | | CSR ഫണ്ട് വഴിയും ധനസമാഹരണം നടത്തുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ